**ജനകീയാസൂത്രണം മുപ്പതാണ്ട് പിന്നിടുമ്പോൾ...**
**2026 ആഗസ്റ്റ് 16, കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ**
**, തിരുവനന്തപുരം.**

# ജനകീയാസൂത്രണത്തിന്റെ മൂന്ന് ദശകങ്ങൾ: കേരളത്തിന്റെ പൊതുജലവിതരണം സംരക്ഷിക്കുവാനുള്ള പുതിയ സാദ്ധ്യതകൾ

സെക്ഷൻ : 10 ജലം

പേര് : എൻ.സി. നാരായണൻ, ഐ.ഐ.റ്റി ബോംബേ,

വി. ബൈജു, കേരള വാട്ടർ അതോറിറ്റി

കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചിട്ട് മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. ഇന്ത്യയിലെന്നല്ല ആഗോള തലത്തിൽ തന്നെ വിരളമായ ഒരു സംരംഭത്തിനാണ് 1996 ൽ കേരളത്തിൽ തുടക്കം കുറിച്ചത്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉൾപ്പെടെയുള്ള കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അതിലൂടെ ആസൂത്രണത്തിനും തീരുമാനങ്ങളെടുക്കുന്നതിനുമുള്ള യഥാർത്ഥ അധികാരവും തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ ബഡ്ജറ്റും ലഭിച്ചു. ഒരു പ്രശ്നത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നവർക്കാണ് ആ പ്രശ്നം ഏറ്റവും നന്നായി മനസിലാക്കാനും പരിഹരിക്കാനും കഴിയുക എന്ന ലളിതമായ ഒരാശയമാണ് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനം. മുപ്പതു വർഷങ്ങൾക്ക് മുമ്പ് നാം ആരംഭിച്ച ഈ പ്രസ്ഥാനം സൃഷ്ടിച്ച ഗുണഫലങ്ങൾ അടയാളപ്പെടുത്താൻ സമയമായിരിക്കുന്നു. അതോടൊപ്പം തന്നെ വികേന്ദ്രീകരണം ഏതെല്ലാം മേഖലകളിലാണ് മെച്ചപ്പെട്ട ഫലങ്ങൾ സൃഷ്ടിച്ചതെന്നും ഏതെല്ലാം മേഖലയിലാണ് പുതിയ വെല്ലുവിളികൾ നേരിടുന്നതെന്നും നാം സത്യസന്ധമായി വിലയിരുത്തേണ്ടതുണ്ട്. വികേന്ദ്രീകരണം നിരന്തരമായി വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുന്ന ഒരു മേഖലയെന്ന നിലയിൽ കുടിവെള്ള മേഖലയെപ്പറ്റിയും സത്യസന്ധമായ വിലയിരുത്തൽ നടത്തേണ്ടതുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ തിരിച്ചറിയേണ്ട പ്രതിസന്ധി ഗ്രാമ പ്രദേശങ്ങളിലെ എല്ലാ വീടുകളിലും ടാപ്പിലൂടെ കുടിവെള്ളം എത്തിക്കാനുള്ള ജലജീവൻ മിഷൻ പദ്ധതി കഴിഞ്ഞ 5 വർഷമായി നമ്മുടെ രാജത്ത് നടപ്പാക്കി വരികയാണ്. എന്നാൽ ഈ പദ്ധതി കേരള വാട്ടർ അതോറിറ്റിക്ക് സാമ്പത്തികമായും സ്ഥാപനസംബന്ധമായും പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഈ പ്രതിസന്ധിയുടെ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി

വരുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. ജലജീവൻ മിഷനിൽ നിർമിച്ച പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകേണ്ടതും പരിപാലനം നടത്തേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.

ഇതുമായി ബന്ധപ്പെട്ട പ്രധാന വസ്തുതകൾ തുടർന്ന് പറഞ്ഞിരിക്കുന്നു.

ജലജീവൻ മിഷനിൽ ഓരോ വർഷവും എത്ര കണക്ഷൻ നൽകണമെന്ന ടാർഗറ്റ് നിശ്ചയിച്ചിരുന്നു. ഈ ടാർഗറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ലെന്ന് തുടക്കത്തിൽ തന്നെ വാട്ടർ അതോറിറ്റിയിലെ ഫീൽഡ് ഓഫീസർമാർ ചൂണ്ടിക്കാട്ടിയിരുന്നു. ഉദാഹരണത്തിന് ആദ്യ വർഷത്തിൽ 2 ലക്ഷം മുതൽ 5 ലക്ഷം വരെ കണക്ഷനുകൾ നൽകാൻ കഴിയുമെന്നാണ് ഫീൽഡ് ഓഫീസർമാർ കണക്കാക്കിയിരുന്നത്. എന്നാൽ മാനേജ്മെന്റെ 21 ലക്ഷം കണക്ഷനുകൾ നൽകണമെന്ന ടാർഗറ്റ് തീരുമാനിക്കുകയായിരുന്നു. കേന്ദ്രസർക്കാരിന്റെ സമ്മർദ്ദമായിരുന്നു മാനേജ്മെന്റിന്റെ ഈ തീരുമാനത്തിന് പിന്നിൽ. ജലജീവൻ മിഷനിൽ കണക്ഷനുകളുടെ എണ്ണത്തിനനുസൃതമായാണ് ഫണ്ട് നൽകുന്നതെന്നതാണ് ഇതിന് കാരണമായി പറഞ്ഞത്. എന്നാൽ ആദ്യ വർഷത്തിൽ 4.52 കണക്ഷനുകൾ മാത്രമാണ് നൽകാൻ കഴിഞ്ഞത്. പദ്ധതി നടത്തിപ്പിൽ മാത്രമല്ല ടാർഗറ്റ് തീരുമാനിച്ചതിലും പിഴവുകളുണ്ടായി എന്നാണ് ടാർഗറ്റും യാഥാർത്ഥ്യവുമായുള്ള ഈ വിടവ് സൂചിപ്പിക്കുന്നത്.

പദ്ധതി നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്ന സെക്ഷൻ ഓഫീസുകളിൽ ജീവനക്കാരുടെ എണ്ണം പരിമിതമായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ നിർമാണ പ്രവൃത്തികളുടെ മേൽനോട്ടം വരെ നടത്താൻ ആവശ്യത്തിന് ജീവനക്കാരില്ലാതെ മേൽപറഞ്ഞ ടാർഗറ്റ് കൈവരിക്കാനാകില്ലെന്ന് വ്യക്തമായിരുന്നു. ഈ കുറവ് പരിഹരിക്കുന്നതിനായി ജെ.ജെ.എം വോളന്റിയർ എന്ന പേരിൽ ബിരുദധാരികളായ ചെറുപ്പക്കാരെ തുച്ഛമായ വേതനത്തിൽ നിയമിച്ചു. ഇവർ ആത്മാർത്ഥമായി ജോലി ചെയ്തെങ്കിലും ഇവരുടെ പ്രവൃത്തിപരിചയമില്ലായ്മ ഫലപ്രാപ്തിക്ക് വിഘാതമായി.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ (സിഎ ജി) 2025 ലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് മേൽ പറഞ്ഞ പശ്ചാത്തലത്തിൽ പരിശോധിക്കേണ്ടതുണ്ട്. റിപ്പോർട്ട് അനുസരിച്ച് 2024 മാർച്ച് 31 വരെയുള്ള കാലത്ത് നൽകാൻ ലക്ഷ്യമിട്ടിരുന്ന കണക്ഷനുകളുടെ ഏതാണ്ട് പകുതി മാത്രേമ നൽകാൻ കഴിഞ്ഞുള്ളൂ. ആകെയുള്ള പ്രവൃത്തികളുടെ 86 ശതമാനം വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിതമായിരുന്നു. ഇതിന്റെ 71 ശതമാനവും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. വാട്ടർ അേതാറിറ്റിയുടെ

വെബ്സൈറ്റിൽ ഇതേ ദിവസം 35.81 ശതമാനം പൂർത്തിയായതായാണ് കാണിക്കുന്നത്. കണക്കുകൾ തമ്മിലുള്ള ഈ അന്തരം കൂടുതൽ പരിശോധിക്കേണ്ടതുണ്ട്.

ഈ ഓഡിറ്റ് നടന്ന കാലയളവിൽ 4 ലക്ഷത്തിൽ അധികം കണക്ഷനുകൾ വിഛേദിക്കുകയുണ്ടായി. ഇവയിൽ പകുതിയിലധികവും പുതിയ കണക്ഷനുകളായിരുന്നു. കണക്ഷൻ എടുത്ത് മാസങ്ങൾക്കകമാണ് ഇവ വിഛേദിച്ചത്. ഈ വീടുകളിൽ ഭൂരിഭാഗത്തിനും നേരേത്തതന്നെ കുടിവെള്ളം ലഭമായിരുന്നു എന്നും പണം കൊടുത്തുപയോഗിക്കേണ്ട കണക്ഷൻ അവർക്ക് ആവശ്യമുണ്ടായിരുന്നില്ല എന്നുമാണ് ഇത് സൂചിപ്പിക്കുന്നത്.

2024ൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഫണ്ട് നിലച്ചേതാടെ ഫലത്തിൽ ജലജീവൻ മിഷന്റെ സാമ്പത്തിക ബാദ്ധ്യത ഫലത്തിൽ വാട്ടർ അതോറിറ്റിയുടേതായി മാറി. പദ്ധതി തുടർന്നു കൊകാണ്ടു പോകുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ ഉത്തരവനുസരിച്ച് വാട്ടർ അേതാറ്റി നബാർഡിൽ നിന്നും 9000 കോടി രൂപയുടെ വായ്പ എടുക്കുകയുണ്ടായി. ജെ.ജെ.എമ്മിൽ നൽകിയ കണക്ഷനുകളിൽ നിന്നുള്ള വരുമാനം ഉപേയാഗിച്ചാണ് ഈ വായ്പ തിരിച്ചടക്കേണ്ടത്. ഇപ്പോൾ തന്നെ വാട്ടർ അതോറിറ്റിക്ക് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ട്. 2026 ജൂണിലെ കണക്കനുസരിച്ച് കരാറുകാർക്കും പെൻഷൻകാർക്കും ജീവനക്കാർക്കും ഇല ക്ട്രിസിറ്റി ബോർഡിനും കൊടുക്കേണ്ട തുകയുൾപ്പെടെ ഏതാണ്ട് 1460 കോടി രൂപയിലധികം ബാധ്യത വാട്ടർ അതോറിറ്റിക്കുണ്ട്. ഇതൊരു ചെറിയ പ്രശ്നമല്ല. വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരമല്ലാതെ ആരംഭിച്ച ഒരു പദ്ധതിയുടെ പേരിൽ ഈ സ്ഥാപനത്തിന് വലിയൊരു സാമ്പത്തിക ബാദ്ധ്യത പേറേണ്ട സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. മാത്രമല്ല, ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ജീവനക്കാരെയോ മറ്റ് സൗകര്യങ്ങളോ പണേമാ വാട്ടർ അതോറിറ്റിക്ക് ലഭ്യമായതുമില്ല.

വാട്ടർ അതോറിറ്റിയുടെ വിലയിരുത്തൽ എത്ര മാത്രം ശരിയായിരുന്നു എന്നതും ഇവിടെ തിരിച്ചറിയേണ്ടതുണ്ട്. പദ്ധതിയുടെ ആദ്യവർഷങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതങ്ങൾ സമയബന്ധിതമായി ലഭിച്ചിരുന്നു എന്ന് മാത്രമല്ല, യഥാസമയത്ത് തന്നെ ഈ തുകകൾ ഉപേയാഗിക്കുവാനും കഴിഞ്ഞിരുന്നു. യഥാസമയം ബില്ലുകൾ തയ്യാറാക്കാനും അതുവഴി ലഭ്യമായ പണം ഉപേയാഗെപ്പടുത്താനും വാട്ടർ അതോറിറ്റി ജീവനക്കാർക്ക് മേൽ വലിയ സമ്മർദ്ദമുണ്ടായിരുന്നു. പിൽക്കാലത്ത് കേന്ദ്രസർക്കാരിൽ നിന്നുള്ള ഫണ്ട് നിലയ്ക്കുകയും സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായപ്പോഴാണ് കരാറുകാർക്ക് പണം നൽകാൻ കഴിയാതിരിക്കുകയും വലിയ കുടിശിക ഉണ്ടാവുകയും ചെയ്തത്. വാട്ടർ

അതോറിറ്റിയുടെ ഭാഗത്ത് നിന്നുള്ള മെല്ലേപ്പോക്കോ അലസതയോ കാരണമല്ല ഈ സാഹചര്യം ഉണ്ടായത്.

ജലജീവൻ മിഷനിൽ ഒരാൾക്ക് പ്രതിദിനം 100 ലിറ്റർ ജലം എന്ന നിരക്കിലാണ് വാട്ടർ അതോറിറ്റി പദ്ധതിയുടെ രൂപകൽപന നിർവഹിച്ചത്. എന്നാൽ ഒരാൾക്ക് പ്രതിദിനം 55 ലിറ്റർ എന്ന നിരക്കാണ് ദേശീയ തലത്തിൽ ജെ.ജെ.എമ്മിൽ നിജപ്പെടുത്തിയിരുന്നത്. ഈ ദേശീയ മാനദണ്ഡം  കേരളത്തിലെ ജനങ്ങളുടെ യഥാർത്ഥ ആവസ്യം നിറവേറ്റാൻ പര്യാപ്തമല്ല എന്നതിനാലാണ് ഉയർന്ന പ്രതിശീർഷ ഉപേയാഗം വാട്ടർ അതോറിറ്റി പരിഗണിച്ചത്.  കേരളെത്ത സംബന്ധിച്ച് ഇത് ശരിയായ തീരുമാനമായിരുന്നു. എന്നാൽ ദേശീയ തലത്തിലെ പ്രതിശീർഷ ജല ഉപേയാഗ നിരക്കിന്റെ അടിസ്ഥാനത്തിലാണ് ജെജെഎമ്മിന്റെ ഫണ്ട് കണക്കാക്കുന്നത് എന്നതിനാൽ കേന്ദ്ര വിഹിതത്തിൽ കുറവ് വരുന്ന സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്.

**പഞ്ചായത്തുകെളയും മുനിസിപ്പാലിറ്റികളെയും ഇതെങ്ങനെ ബാധിക്കും?**

മേൽ പറഞ്ഞ വിഷയത്തിൽ തദ്ദേശ സർക്കാരുകൾ വെറു കാഴ്ചക്കാരല്ല. ജലജീവൻ മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളിലും പൂർത്തിയായ പദ്ധതികളുടെ പരിപാലനത്തിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ പദ്ധതിയനുസരിച്ചും പ ഞ്ചായത്തുകൾക്ക് സുപ്രധാനമായ പങ്ക് നിർവഹിക്കാനുണ്ട്. ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനും പ്രാദേശികമായ വിതരണ ശൃംഖലയുടെ പരിപാലനത്തിലും വാട്ടർ അതോറിറ്റികൾക്ക് സപ്ലൈ നടത്തുന്ന സ്ഥലങ്ങളിൽ അതിനുള്ള പണം നൽകുന്നതിനും ഉപഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിച്ചെടുക്കുന്നതിനുമുള്ള ഉത്തരവാദിത്വം പഞ്ചായത്തുകളുടേതാണ്.  ഭാവിയിൽ മുനിസിപ്പാലിറ്റികളും സമാനമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടിവരും.

ഒരർത്ഥത്തിൽ ഇപ്പറഞ്ഞവയെല്ലാം വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സർക്കാരുകൾ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങൾ തന്നെയാണ്.  എന്നാൽ വാട്ടർ അതോറിറ്റി സാമ്പത്തികമായും സ്ഥാപനസംബന്ധമായും വെല്ലുവിളികൾ നേരിടുന്ന അവസരത്തിലാണ് ഈ ഉത്തരവാദിത്വങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്.  ജലജീവൻ മിഷനിൽ വളെര തിടുക്കത്തിൽ രൂപകൽപന ചെയ്ത് നിർമിച്ച കുടിവെള്ള പദ്ധതികളാണ് പലപ്പോഴും പഞ്ചായത്തുകൾക്ക് ഏറ്റെടുക്കേണ്ടി വരിക. കരാറുകാർക്ക് കൊടുത്തു തീർക്കേണ്ട ബില്ലുകൾ, ജീവനക്കാരുടെ അഭാവം മൂലം നിർമാണത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി വരും.  പല പദ്ധതികളിലും ഉത്പാദനഘടകങ്ങൾ പൂർത്തീകരിക്കാത്തത് കാരണം കണക്ഷനുകളിൽ

വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. എന്ന് മാത്രമല്ല ഒരൊറ്റ കണക്ഷൻ പോലുമില്ലാത്ത പദ്ധതികളുമുണ്ട്. ഇതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. പദ്ധതികൾ ഏറ്റെടുത്ത ശേഷം പടിപടിയായി അവർ ഇതെല്ലാം തിരിച്ചറിയുകെയന്നത് അഭികാമ്യമല്ല.

**വ്യക്തമായ അപകട സൂചനകൾ**

ഈ ചർച്ചാവേദി മറ്റൊരു തരത്തിൽ കൂടി പ്രാധാനമുള്ളതാണ്. ഒരു പൊതുസ്ഥാപനം ഇത്തരത്തിൽ പ്രകടമായ വെല്ലുവിളികൾ നേരിടുകയും ഓഡിറ്റ് റിപ്പോർട്ടൽ തന്നെ വിമർശിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉയർന്നു വരാവുന്ന ഒരു വാദമുണ്ട്. ഇതിനെക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കാൻ സ്വകാര്യ കമ്പനികൾക്ക് കഴിയും എന്ന കേട്ടു തഴമ്പിച്ച വാദമാണത്.

കേരളത്ത സംബന്ധിച്ച് ഈ ഭീഷണി സാങ്കൽപികമല്ല. കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖല അടുത്ത പത്ത് വർഷം നടത്തിക്കൊണ്ട് പോകാനും പരിപാലിക്കാനും ഫ്രഞ്ച് കമ്പനിയായ സൂയസിനെ ചുമതലപ്പെടുത്തുന്ന ഒരു കരാർ ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ ഒപ്പിടുകയുണ്ടായി. 1,46,500 കണക്ഷനുകളും 7 ലക്ഷത്തിൽ പരം ജനങ്ങളും ഈ കരാറിന്റെ പരിധിയിൽ വരും. ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്താടെ നടപ്പാക്കുന്ന കേരള അർബൻ വാട്ടർ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പോജക്റ്റ് എന്ന പേരിലുള്ള ഈ പദ്ധതിയാണിത്.

കൊച്ചിയിലെ വിതരണ ശൃംഖലയുടെ ഉടമസ്ഥത ഇപ്പോഴും വാട്ടർ അതോറിറ്റിക്ക് തന്നെയാണ്. എന്നാൽ കേരളത്തിലെ ഏറ്റവും വലിയ ഒരു നഗരത്തിലെ വിതരണ ശൃംഖലയുടെ ദൈനംദിന പ്രവർത്തനങ്ങൾ അടുത്ത പത്ത് വർഷം നടത്തുന്നത് ഒരു സ്വകാര്യ കമ്പനിയാണ്. പൈപ്പ് ലൈനിലെ ലീക്ക് കണ്ട് പിടിക്കുന്നതും പരിഹരിക്കുന്നതും പരാതികൾ പരിഹരികുന്നതും ജലലഭ്യത ഉറപ്പാക്കുന്നതുമെല്ലാം ഇതിൽ ഉൾപ്പെടും.

ഇത്തരത്തിലുള്ള കരാറുകൾ ലോത്തിലെ പല ഭാഗങ്ങളിലും നിലവിലുണ്ട്. കൊച്ചിയിലെ പഴക്കമേറിയ പൈപ്പുകളും മറ്റ് ഘടകങ്ങളും ഉപയോഗിച്ച് ജലവിതരണം കാരക്ഷമമായി നടത്തിക്കൊണ്ടു പോകുന്നതിൽ വാട്ടർ അതോറിറ്റി വെല്ലുവിളികൾ നേരിട്ടിരുന്നു. എന്നാൽ ഈ മേഖലയിൽ സജീവമായി ഇടപെടുന്ന വക്തികൾ ഉൾപ്പെടുന്ന ഈ വേദിയിൽ മേൽ പറഞ്ഞ പദ്ധതിയുടെ ദിശ എങ്ങോട്ടാണെന്ന് നാം തുറന്ന് പറയേണ്ടതുണ്ട്. പല ലോക രാജ്യങ്ങളിലും കുടിവെള്ള പദ്ധതികൾ പൊതുമേഖലയിൽ നിന്ന് സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റിയത് സമാനമായ പ്രക്രിയയിലൂടെയാണെന്ന് നാം തിരിച്ചറിയണം. കുടിവെള്ള മേഖലയിൽ

സ്വകാര്യവത്കരണം സംഭവിക്കുന്നത് ഒരു സുപ്രഭാതത്തിലല്ല. മറിച്ച് പടിപടിയായി, ചെറുതീരുമാനങ്ങളിലൂടെ, നയങ്ങളിലുള്ള ലഘുവായ മാറ്റങ്ങളിലൂടെ, സാവധാനം സംഭവിക്കുന്ന ഒരു പ്രക്രിയയാണത്. പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനത്തിന്റെ പ്രവർത്തന മേഖലകളോരോന്നും ഓരോരോ കരാറുകൾ വഴി കാലക്രമത്തിൽ സ്വകാര്യമേഖലക്ക് കൈമാറ്റം ചെയ്യപ്പെടുകയാണുണ്ടാവുക. ഈ പ്രക്രിയ തിരിച്ചറിയപ്പെടുമ്പോഴേക്കും മടങ്ങിപ്പോകാനാകാത്ത വിധം സമയം വൈകിപ്പോയിരിക്കും.

**രണ്ടിലൊന്ന് എന്നതിനപ്പുറം കാണുക**

മേൽ പറഞ്ഞ പ്രശ്നത്തിന് രണ്ട് തരം പരിഹാരമേ ഉള്ളൂ എന്നും അതിലൊന്ന് തിരഞ്ഞെടുക്കുക മാത്രമാണ് നാം ചെയ്യേണ്ടതെന്നും ഉള്ള ധാരണ ശരിയല്ല. ഉദാഹരണത്തിന് കേരള വാട്ടർ അതോറിറ്റി മുമ്പുണ്ടായിരുന്നത് പോലെ തന്നെ തുടരണമോ അതോ കൂടുതൽ കൂടുതൽ വിതരണ മേഖലകൾ സ്വകാര്യമേഖലക്ക് കൈമാറണമോ എന്നതല്ല പ്രശ്നം. ജെ.ജെ.എം. പദ്ധതിയിലൂടെയുണ്ടായ ബൃഹദ് പദ്ധതികളാണോ മുമ്പ് കേരളത്തിൽ പരീക്ഷിക്കപ്പെട്ട ചെറുകിട പദ്ധതികളാണോ അഭികാമ്യം എന്നതുമല്ല നമ്മുടെ മുന്നിലുള്ള ചോദ്യം. ഇതിനോരോന്നിനും അതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. ഇവയൊന്നും ശാശ്വത പരിഹാരങ്ങളല്ല. രണ്ട് പരിഹാരമാർഗങ്ങളിലൊന്ന് തിരഞ്ഞെടുക്കുക എന്നതിനപ്പുറം നാം കടക്കേണ്ടതുണ്ട്.

മുമ്പ് സൂചിപ്പിച്ചതുപോലെ പദ്ധതിയുടെ വലിപ്പവും തിടുക്കത്തിൽ നടപ്പാക്കിയതുമായിരുന്നു ജലജീവൻ മിഷന്റെ പ്രശ്നങ്ങൾ. പദ്ധതി ശരിയായി ആസൂത്രണം ചെയ്യുന്നതിനുള്ള സമയം ലഭിച്ചില്ല. അതിവേഗത്തിൽ കണക്ഷനുകൾ കൊടുത്തു തീർക്കുന്നതിനുള്ള സമ്മർദത്തിനിടയിൽ ജലസ്രോതസ്സുകളുടെ പര്യാപ്തതയും സുസ്ഥിരതയും ഉറപ്പാക്കാനായില്ല. ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന കേരളത്തിന് പൊതുവെ ഒരു നഗരസ്വഭാവമുണ്ട്. അതിനാൽ തന്നെ മറ്റ് സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾക്കൊത്ത് രൂപകൽപന ചെയ്യപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ പലേപ്പാഴും പ്രതിസന്ധിയിലാകാറുണ്ട്.

എന്നാൽ ചെറുകിട പ്രാദേശിക പദ്ധതികൾ കൊണ്ട് മാത്രം കേരളത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. ഇത് വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർമാർ തന്നെ വിശദീകരിക്കുന്നുണ്ട്. കേരളത്തിൽ ഭൂജലം വർഷം മുഴുവൻ ലഭ്യമാകുന്നില്ല. പലപേപാഴും വേനൽക്കാലത്ത് നദികൾ വറ്റുന്നതിന് മുമ്പ് തന്നെ കിണറുകൾ വറ്റിപ്പോകാറുണ്ട്. ഈ സമയത്ത് പൈപ്പ് വെള്ളത്തിനുള്ള ആവശ്യകത ഉയരുന്നുണ്ട് എന്നതാണ് അനുഭവം. മാത്രമല്ല, ഭൂജലം മലിനമാകുന്നതിനുള്ള സാദ്ധ്യതകളും കൂടുതലാണ്. ജനസാന്ദ്രത

കൂടുതലായത് കാരണം കിണറുകളും മാലിനനിർമാർജന സംവിധാനവും തമ്മിൽ കൃതമായ അകലം പാലിക്കാൻ കഴിയാതെ വരുന്നു. കൃത്യമായി രൂപകൽപന ചെയ്ത് നിർമ്മിച്ച ബൃഹദ്പദ്ധതികൾക്ക് പകരം ചെറുകിട ഭൂജല പദ്ധതികൾ മതിയെന്ന സമീപനത്തിന് തനതായ പ്രശ്നങ്ങളുണ്ട്. അക്കാര്യവും നാം തുറന്ന് ചർച്ച ചെയ്യേണ്ടതുണ്ട്.

ചെറുകിട പദ്ധതികളാണോ ബൃഹദ്പദ്ധതികളാണോ കേരളത്തിന് അനുയോജ്യം എന്നതല്ല യഥാർത്ഥ ചോദ്യം . ശരിയായ ആസൂത്രണം നടത്തുന്നതിനുള്ള സമയം, ജലസ്രോതസ്സുകളുടെ സുസ്ഥിരത, പദ്ധതിയുടെ വലിപ്പം എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങളെ കുടിവെള്ള വിതരണപദ്ധതികളുടെ പരിപാലനച്ചുമതല ഏറ്റെടുക്കാൻ പ്രാപ്തരാക്കുന്ന വിധത്തിലുള്ളതാണോ എന്നതാണ് യഥാർത്ഥ പ്രശ്നം. പദ്ധതികൾ ഒരൊറ്റ പഞ്ചായത്ത് മാത്രമായി നടത്തണമെന്നില്ല. വിവിധ പഞ്ചായത്തുകൾക്ക് ലഭ്യമായ വിഭവങ്ങൾ പങ്ക് വച്ചുകൊണ്ട് ഒരുമിച്ച് പദ്ധതികൾ നടത്തിക്കൊണ്ടു പോവുകയുമാകാം. പദ്ധതികളുടെ രൂപകൽപനയുമായി ബന്ധപ്പെട്ട കാര്യമാണിത്. ഇന്നുവരെയുള്ള അനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ കൂട്ടായി ഈ വിഷയത്തിൽ തീരുമാനെമടുക്കേണ്ടതുണ്ട്. രണ്ട് മാതൃകകളിൽ ഏതെങ്കിലും ഒന്ന് തിരെഞ്ഞടുക്കുക എന്നതിലേക്ക് മാത്രമായി ഇതിനെ ചുരുക്കിക്കാണാൻ പാടില്ല.

ഇത് സംബന്ധിച്ച ഒരു രേഖ വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് വാട്ടർ അതോറിറ്റി ബൾക്ക് സപ്ലെയർ എന്ന രീതിയിൽ പഞ്ചായത്തുകളിലെ ടാങ്കുകളിലേക്ക് വെള്ളം നൽകും. ജലവിതരണവും വാട്ടർ ചാർജ് പിരിക്കുന്നതും പ്രാദേശിശികമായി പഞ്ചായത്താണ് ചെയ്യുക. ആവശ്യമങ്കിൽ പഞ്ചായത്തിന് പരിപാലനച്ചുമതല തിരികെ വാട്ടർ അതോറിറ്റിയെ തന്നെ ഏൽപിക്കുകയും ചെയ്യാം. എന്നാൽ പഞ്ചായത്തിന് മേൽ സാമ്പത്തിക ബാദ്ധ്യതകൾ കെട്ടിവെക്കനുള്ള ഒരു സംവിധാനമായി ഇത് മാറാൻ പാടില്ല. മറിച്ച് വാട്ടർ അതോറിറ്റിയും പഞ്ചായത്തുകളും തമ്മിലുള്ള യഥാർത്ഥവും ആത്മാർത്ഥവുമായ സഹകരണമാണ് ഉണ്ടാകേണ്ടത്.

മേൽ പറഞ്ഞത് ശരിയായ മാതൃകയാണോ എന്നത് ഈ യോഗം ചർച്ച ചെയ്യേണ്ട വിഷയമാണ്. അതുപോലെ തന്നെ കുടിവെള്ളള്ള വിതരണ പദ്ധതികളുടെ പരിപാലനം ഓരോ പഞ്ചായത്തും പ്രത്യേകം പ്രത്യേകമായി നിർവഹിക്കുന്നതാണോ അതോ പഞ്ചായത്തുകൾ ഈ ചുമതല കൂട്ടായി നിർവഹിക്കുന്നതാണോ അഭികാമ്യം എന്നതും ചർച്ച ചെയ്യപ്പടണം.

മേൽ പറഞ്ഞതിനപ്പുറം വാട്ടർ അതോറിറ്റിയും പഞ്ചായത്തുകളും തമ്മിലുള്ള ബന്ധത്തിന്റെ സഭാവം സംബന്ധിച്ച കൂടുതൽ പ്രധാനമായ മെറ്റാരു ചോദ്യം കൂടിയുണ്ട്. ആരോഗ്യം, വിബ്യാഭ്യാസം, കൃഷി തുടങ്ങിയ വകുപ്പുകളും പഞ്ചായത്തുകളുമായുള്ള ബന്ധം

വികേന്ദ്രീകരണത്തിന്റെ ഭാഗമായി പുനർ നിർവചിച്ചിരുനന്നല്ലോ. മേൽ പറഞ്ഞ മേഖലകളിൽ സംസ്ഥാനതലത്തിലുള്ള വകുപ്പുകളും പഞ്ചായത്തുകളും ഉത്തരവാദിത്വങ്ങൾ പങ്ക് വയ്ക്കുന്നത് സാഹചരങ്ങളുടെ സമ്മർദം നിമിത്തമല്ല. മറിച്ച് ബോധപൂർവമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിയമപരമായുമാണ് ഈ പ്രക്രിയ നടക്കുന്നത്. സമാനമായ രീതി  കുടിവെള്ള മേഖലയിൽ നടപ്പാക്കാവുന്നതാണ്.

**ഈ യോഗം ചർച്ചചെയ്യേണ്ട വിഷയങ്ങൾ**

താഴെ പറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടത് ഞങ്ങളല്ല. ഈ യോഗത്തിന്റെ മുന്നിൽ ഈ ചോദ്യങ്ങൾ അവതരിപ്പിക്കുക മാത്രമാണ് ഞങ്ങൾ ചെയ്യുന്നത്.  ജലജീവൻ മിഷൻ രണ്ടാം ഘട്ടത്തിന്റ ഭാഗമായി കുടിവെള്ള വിതരണ സ്കീമുകളുടെ പരിപാലന ചുമതല ഏറ്റെടുക്കുന്നതിന് മുന്നോടിയായി വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നിലയും ഓരോ പദ്ധതിയുടെയും വരവ് ചിലവ് കണക്കുകളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതുണ്ടോ?

വാട്ടർ അതോറിറ്റിയും പഞ്ചായത്തുകളും തമ്മിൽ ബൾക്ക് സപ്ലൈക്കുള്ള കരാറിൽ ഏർപ്പെടുകയാണെങ്കിൽ അതിലെ വ്യവസ്ഥകളും ഉറപ്പുകളും എന്തൊക്കെയായിരിക്കണം?

വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ബാദ്ധ്യതകൾ സയം കൈകാര്യം ചെയ്യേണ്ടി വരുന്ന അവസ്ഥയിൽ എന്തൊക്കെ സംഭവിക്കുമെന്നതിന്റെ  ഉദാഹരണമാണ് കൊച്ചിയിൽ കണ്ടത്. വ്യക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ സ്വാഭാവിക പ്രക്രിയെയന്ന നിലയിൽ മറ്റൊരു നഗരവും ഈ പാതയിലേക്ക് പോവുകയില്ല എന്ന് ഉറപ്പാക്കാൻ ഭരണകൂടം രാഷ്ട്രീയമായും സാമ്പത്തികമായും എന്തൊക്കെയാണ് ചെയ്യേണ്ടത്?

ഈ യോഗത്തോട് ഞങ്ങൾ ആവശ്യപ്പെടുന്നത്

കേരളത്തിന്റെ ഇന്നോളമുള്ള ചരിത്രം പരിശോധിക്കുമ്പോൾ മേൽ പറഞ്ഞ സമീപനം എല്ലാവർക്കും സ്വീകാര്യമാകുമെന്ന്  ഞങ്ങൾ കരുതുന്നില്ല. വാട്ടർ അതോറിറ്റിയിലെ  എഞ്ചിനീയർമാരും ഇതിൽ ഉൾപ്പെടും.

ഇക്കാരങ്ങൾ ഗൗരവമായി പരിഗണിക്കണമെന്ന് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. വരും വർഷങ്ങളിൽ ഈ പദ്ധതികളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് അവ നടത്തിക്കൊണ്ട് പോകേണ്ടത് നിങ്ങളാണ്.  ഈ പാതയിൽ മുന്നോട്ട് പോവുകയും പുതിയ കരാറുകൾ ഒപ്പിടുകയും ചെയ്യുന്നതിന് മുമ്പ് തന്നെ ഭാവിയിലെ സംവിധാനം കരുപ്പിടിപ്പിക്കുന്നതിൽ നിങ്ങളും പങ്കാളികളാകണം.

വിദൂരവും അപ്രാപ്യവുമായ ബ്യൂറോക്രസിയെക്കാൾ നന്നായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും മറ്റും ഇടപെടാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് ജനകീയാസൂത്രണത്തിലുണ്ടായിരുന്നത്. ഇത്തരത്തിലുള്ള അടുത്ത പരീക്ഷണം നടക്കേണ്ടത് ജലമേഖലയിലാണ്. വാട്ടർ അതോറിറ്റിയും പഞ്ചായത്തുകളും ഒരേ മനസോടെ ഈ പരീക്ഷണത്തെ നേരിടുകയാണെങ്കിൽ കേരളത്തിന് ഇതിൽ വിജയിക്കാനാകും.

……………..…………………………………………..……………………

ചർച്ചകൾക്ക് തുടക്കമിടുക എന്നതാണ് ഈ രേഖയുടെ ഉദ്ദേശ്യം. ചർച്ചകൾ അവസാനിപ്പിക്കുക എന്നതല്ല. വിയോജിപ്പുകളും തിരുത്തലുകളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഏറ്റവും മുഖ്യമായി വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നുള്ള ആശയങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.